**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4961** **20-07-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം പാങ്ങപ്പാറ സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡയറക്ടർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം പാങ്ങപ്പാറ സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനത്തിൽ ഡയറക്ടറുടെ ഒഴിവിലേയ്ക്ക് 2021 ആഗസ്റ്റ് മാസം അഭിമുഖം നടത്തിയിരുന്നോയെന്നും ആയതിന്റെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നോയെന്നും വ്യക്തമാക്കാമോ; | (എ) | എസ്.ഐ.എം.സി ഡയറക്ടറുടെ ഒഴിവിലേയ്ക്ക് 2021 ആഗസ്റ്റ് മാസം അഭിമുഖം നടത്തിയിരുന്നു. ആയതിന്റെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. |
| (ബി) | പ്രസ്തുത അഭിമുഖത്തിൽ ഏത്ര പേർ പങ്കെടുത്തിരുന്നുവെന്നും അതിൽ ഡോക്ടറേറ്റ് നേടിയ എത്ര പേർ ഉണ്ടായിരുന്നുവെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത അഭിമുഖത്തിൽ 19 പേർ പങ്കെടുത്തിരുന്നു. ടി അഭിമുഖത്തിൽ ഡോക്ടറേറ്റ് നേടിയ 3 പേർ പങ്കെടുത്തിരുന്നു. |
| (സി) | ഈ തസ്തികയിലേയ്ക്ക് ആരെയെങ്കിലും നിയമിച്ചിരുന്നോയെന്നും എങ്കിൽ ആർക്കാണ് നിയമനം നൽകിയതെന്നും നിയമനം ലഭിച്ച ആളിന്റെ വിദ്യാഭ്യാസ യോഗ്യത എന്താണെന്നും വ്യക്തമാക്കാമോ; | (സി) | എസ്.ഐ.എം.സി. ഡയറക്ടർ തസ്തികയിലേയ്ക്ക് ശ്രീമതി.ജെൻസി വർഗ്ഗീസിനെ 15.07.2022-ലെ സ.ഉ. (സാധാ) നം.4154/2022/പൊ.വി.വ. പ്രകാരം നിയമിക്കുന്നതിനനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഡയറക്ടർ തസ്തികയിലേയ്ക്ക് നിയമനം ലഭിച്ച ശ്രീമതി.ജെൻസി വർഗ്ഗീസിന്റെ വിദ്യാഭ്യാസ യോഗ്യത ചുവടെ ചേർക്കുന്നു.<br>B.A. Sociology<br>M.A. Sociology<br>M.A. Psychology<br>Diploma in Special Education<br>B.Ed in Special Education.<br>M.Ed in Special Education |
| (ഡി) | പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നൽകിയിട്ടുണ്ടെങ്കിൽ നിയമനം ലഭിച്ച ആളിന്റെ വിദ്യാഭ്യാസ യോഗ്യതയിൽ പറയുന്ന സർട്ടിഫിക്കറ്റുകൾക്ക് കേരള യൂണിവേഴ്സിറ്റിയുടെ | (ഡി) | ഡയറക്ടർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന് ആവശ്യമായ വിദ്യാഭ്യാസ യോഗ്യതകളിൽ ഒന്നായ എം.എ. സോഷ്യോളജിക്ക് കേരള യൂണിവേഴ്സിറ്റിയുടെ |

| | | | |
|---|---|---|---|
| | അംഗീകാരം ലഭിച്ചിട്ടുള്ളതാണോ എന്ന് വ്യക്തമാക്കാമോ? | | അംഗീകാരം ഉണ്ട് എന്ന് കേരള യൂണിവേഴ്സിറ്റിയുടെ വെബ്സൈറ്റ് വ്യക്തമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ